# പ്രവാചകത്വം

**തയാറാക്കിയത്:ജലീല്‍**

പ്രശസ്ത തത്വചിന്തകനായ പ്ളാറ്റോയുടെ റിപ്പബ്ലിക്ക് എന്ന പുസ്തകത്തില്‍ ചിന്ത കനായ സോക്രട്ടീസിന്‍റെ ദൈവിക കാര്യങ്ങളെ സംബന്ധിച്ച ഒരു സംഭാഷണം കാണാം. ആ സംഭാഷണത്തില്‍ പ്ളാറ്റോയുടെ സഹോദരന്‍ അഡിമാണ്ടുസിനോട് സോക്രട്ടീസ് ഇങ്ങനെ പറയുന്നു:
"അതിനാല്‍ ഹോമറിന്‍റെ കവിതകളില്‍ വ്യക്തമാക്കിയതുപോലുള്ള ഭാവനകളോട് നാം ഒരിക്കലും യോജിക്കാതിരിക്കുകണം. "വ്യാഴനക്ഷത്രത്തിന്‍റെ ഉമ്മറപ്പടിയില്‍ രണ്ട് ഭാജനങ്ങള്‍ വെച്ചിരിക്കുന്നു. ഒന്ന് നന്മയുടെത്, മറ്റേത്, തിന്മയുടെത്. അതാണ് മനുഷ്യന്‍റെ സകലമാന നന്മതിന്മകളുടെയും കാരണം. ആരുടെ ഭാഗധേയത്തില്‍ നന്മാഭാജനത്തില്‍നിന്നുള്ള പാനീയം കലര്‍ന്നിട്ടുണ്ടോ അവന് മുഴുക്കെ നന്മയായിരിക്കും. ആരുടെ ഭാഗധേയത്തില്‍ തിന്മ വീഴുന്നുവോ അവന് മുഴുവന്‍ തിന്മയും. ഇരുഭാജനങ്ങളും ചേര്‍ന്ന് വീഴ്ത്തുന്ന പാനീയത്തുള്ളികള്‍ ലഭിച്ചവന് ചിലപ്പോള്‍ നന്മയാണെങ്കില്‍ മറ്റു ചിലപ്പോള്‍ തിന്മയും വന്നെത്തും."

നന്മയും തിന്മയും മനുഷ്യന്‍റെ ഭാഗധേയം നിര്‍ണയിക്കുന്ന കാര്യങ്ങളാണ്. പക്ഷേ, അവ രണ്ടും മറ്റു കുറേ കാര്യങ്ങളുമായി ബന്ധപ്പെട്ടു നില്ക്കുന്ന കാര്യങ്ങ ളാണ്. പ്രത്യേകിച്ച് അവ ആത്മീയതയുമായി ഉള്‍ച്ചേര്‍ന്നു നില്ക്കുമ്പോള്‍ അതിന് വ്യാപ്തിയും അര്‍ഥതലങ്ങളും കൂടും.

നന്മയും തിന്മയും ആത്യന്തികമായി നിര്‍ണയിക്കാനും വിധിക്കാനം മനുഷ്യന് സാധ്യമല്ല.അതിന്‍റെ അവകാശം ദൈവത്തിനാണ്. മനുഷ്യബുദ്ധിവും ജ്ഞാനവും പരിമിതമാണെന്നതു തന്നെ കാരണം.

ഇത്തരം കുറേ കാര്യങ്ങളുണ്ട് മനുഷ്യന് അറിയാത്തവയായിട്ട്. നാം പലപ്പോ ഴും നിഗമനങ്ങളെയോ ആചാരങ്ങളെയോ ആശ്രയിക്കുകയാണ് പതിവ്.

തികച്ചും ദൈവികമായ കാര്യങ്ങള്‍ -മനുഷ്യന്‍റെ ഭാഗധേയവുമായി ബന്ധപ്പെട്ട കാര്യങ്ങള്‍- ദൈവം നേര്‍ക്കു നേരെ മനുഷ്യരോട് പറയാറില്ല. അത് ദൈവിക രീതി യുമല്ല.

എന്നാല്‍ അവ സ്വന്തം യുക്തിയുപയോഗിച്ച് കണ്ടുപിടിക്കുകയെന്നത് ഏറെ ദുഷ്കരമാണ്. കാരണം, അത് കണ്ടെത്താനുള്ള മാര്‍ഗങ്ങളൊന്നും മനുഷ്യന്‍റെ പക്കലില്ല. എന്നാല്‍ കരുണാവാരിധിയായ സ്രഷ്ടാവ് അതിന് പ്രത്യേകം സംവിധാ നങ്ങള്‍ ചെയ്തിട്ടുണ്ട്. അവന്‍ മനുഷ്യരില്‍ നിന്ന് ഉത്തമരായ തന്‍റെ ദാസന്മാരെ തിരഞ്ഞെടുത്ത് ആ കാര്യങ്ങള്‍ പ്രത്യേകിച്ച് എന്താണ് നന്മയും തിന്മയും, അവയുടെ പരിണതി എന്ത്, പരലോകമെന്ത്, അതിന്‍റെ യാഥാര്‍ഥ്യമെന്ത് ഇത്തരം കാര്യങ്ങള്‍ അവരെ അറിയിച്ചു. എന്നിട്ട് അക്കാര്യം മറ്റു മനുഷ്യര്‍ക്കെത്തിച്ചുകൊടുക്കണമെന്ന് അവരോട് നിര്‍ദ്ദേശിച്ചു. പ്രസ്തുത വിഭാഗത്തിനാണ് ദൈവത്തിന്‍റെ പ്രവാചകന്മാര്‍ എന്നു പറയുന്നത്.

ദൈവം അവന്‍റെ കാര്യങ്ങള്‍ പ്രവാചകന്മാര്‍ മുഖേനയാണ് ലോകത്തിന് അറി യിച്ചുകൊടുക്കുക. കാരണം, പ്രവാചകന്മാരുടെ പ്രകൃതി പരിശുദ്ധമായിരിക്കും. ചീത്ത വാക്കോ ദുഷ്പ്രവൃത്തിയോ കളവോ അവരില്‍നിന്നുണ്ടാവുകയില്ല. ജനത്തോട് ഉപ ദേശിക്കുന്നതെന്തോ അത് പ്രവൃത്തിരൂപേണ അവര്‍ തന്നെ ചെയ്തു മാതൃക കാണിച്ചിരിക്കും. വാക്കിനെതിരായ കര്‍മമോ കര്‍മത്തിനെതിരായ വാക്കോ അവരില്‍ നിന്നുണ്ടാവുകയില്ല. ജനത്തോട് മുഴുവന്‍ ഗുണകാംക്ഷയുള്ളവരും അവരുടെ വിജയ ത്തിനായി കഷ്ടപ്പെടുന്നവരുമായിരിക്കും. അവരുടെ ജീവിതം സ്വയമേവ സത്യസന്ധ ത, സന്മാര്‍ഗനിഷ്ഠ, പരിശുദ്ധ പ്രകൃതി, ഉല്‍കൃഷ്ടാദര്‍ശം, ഉയര്‍ന്ന മനുഷ്യത്വം എന്നിവക്ക് മാതൃകയായിരിക്കും. ന്യൂനത അവരുടെ ജീവിതത്തില്‍ അശേഷം ഉണ്ടാ വുകയില്ല.

അതുകൊണ്ടാക്കെയാണ് പ്രവാചകന്മാരെ വിശ്വസിക്കുകയും അവരെ അനുധാവനം ചെയ്യുകയും വേണമെന്ന് പറയാന്‍ കാരണം.

അവരെ ധിക്കരിക്കരുത്. പ്രവാചകന്മാരോടുള്ള ധിക്കാരവും എതിര്‍പ്പും ദൈവ ത്തോടുള്ള ധിക്കാരവും അനുസരണക്കേടുമാണ്. അവര്‍ പ്രവാചകന്മാരാണെന്ന് മനസ്സിലാക്കിയിട്ടും അവരുടെ ആജ്ഞകളും

നിർദ്ദേശങ്ങളും അനുസരിക്കാതിരി ക്കുന്നത് യുക്തിക്കിണങ്ങാത്ത കാര്യമാണ്. കാരണം, ഒരാൾ ദൈവദൂതനാണെന്ന് സമ്മതിക്കുക എന്നതിനർഥം അദ്ദേഹം പറയുന്നതെല്ലാം ദൈവത്തിങ്കൽനിന്ന് ലഭി ച്ചതാണെന്നും അദ്ദേഹം പ്രവർത്തിക്കുന്നത് ദൈവാഭീഷ്ടമാണെന്നും സമ്മതിക്കുന്നു വെന്നാണ്. ദൈവികകാര്യങ്ങൾ നമുക്ക് സ്വയം കണ്ടുപിടിക്കാൻ സാധ്യമല്ലാത്ത കാല ത്തോളം നാം ദൈവദൂതന്മാരെ അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യേ ണ്ടതുണ്ട് അത്യാവശ്യമാണ്. അതിനു വേണ്ടി നമ്മുടെ സകല കഴിവുകളും നാം വിനിയോഗിക്കേണ്ടതുണ്ട്.

ലോകസംസ്കരണാർഥം ഒരു ലക്ഷത്തിലധികം പ്രവാചകന്മാർ ആഗതരായിട്ടുണ്ട്. മനുഷ്യർ ദൈവത്തെ വിസ്മരിക്കുകയും ലോകത്ത് നാനാതരം ദുർവൃത്തികളും ദുരാചാരങ്ങളും അധാർമവും വളർന്നുവരികയും ചെയ്ത പശ്ചാത്തലത്തിൽ മനു ഷ്യരെ നേർവഴിയിൽ കൊണ്ടുവരുന്നതിനും ലോകത്ത് ശാന്തി നടപ്പിലാക്കുന്നതിനു മാണ് ദൈവം ഓരോ കാലഘട്ടത്തിലും ഓരോ ജനതയിലും പ്രവാചകന്മാരെ നിയോ ഗിച്ചിരുന്നത്. എല്ലാ പ്രവാചകന്മാരും അവരുടെ ജനതയെ പഠിപ്പിച്ചത് ഒരേ ഒരു കാര്യമാണ്. -നിങ്ങളുടെ ദൈവം ഒന്നുമാത്രമാണ്. നിങ്ങൾ അവൻെറ നിർദ്ദേശങ്ങള നുസരിച്ചു ജീവിക്കുക. അതിലാണ് നിങ്ങൾക്ക് വിജയമുള്ളത്."

പ്രവാചകനെക്കൂടാതെ തന്നെ ദൈവികദർശനം കണ്ടുപിടിക്കാൻ സാധിക്കു മെന്ന് ചിലർ വിചാരിക്കാറുണ്ട്. അത് അവിവേകമാണ്. കാരണം, ദൈവം പ്രവാച കന്മാരിലൂടെ മാത്രം വെളിപ്പെടുത്തുന്ന ആത്മീയ കാര്യങ്ങൾ സ്വബുദ്ധികൊണ്ട് കണ്ടെത്താമെന്നത് അസംഭവ്യമാണ്. ഈ അസ്വാഭാവികത തന്നെയാണ് ദൈവിക സരണിയായ ഇസ്ലാമിനുമുള്ളത്. പ്രവാചകന്മാർ തന്നെയാണ് അതിൻെറ ഒന്നാമ ത്തെയും അവസാനത്തെയും അവലംബം.

ഗണിതശാസ്ത്രത്തിലെ രേഖാഖണ്ഡം പോലെയാണത്. ഒരു ബിന്ദുവിൽനിന്നു തുടങ്ങി മറ്റൊരു ബിന്ദുവിൽ അവസാനിക്കുന്ന രേഖാഖണ്ഡം ഋജുവായിരിക്കുമല്ലോ. അതല്ലാത്ത വരകളൊക്കെ വക്രവുമായിരിക്കും. ഇതുതന്നെയാണ് ദൈവിക സരണി യുടെ അവസ്ഥയും. അത് മനുഷ്യനിൽനിന്നു തുടങ്ങി ദൈവത്തിൽ ചെന്നവസാനി ക്കുന്നു. അഥവാ ദൈവത്തിലേക്കുള്ള നേർവഴി ഒന്നു മാത്രമാണ്. പ്രവാച കന്മാരിലൂടെയാണ് ദൈവം ലോകത്തിനത് അവതരിപ്പിച്ചിട്ടുള്ളത്. അങ്ങനെ വരു മ്പോൾ ദൈവത്തെ സ്നേഹിക്കുന്ന ഒരാൾ അവങ്കലേക്കെത്താൻ നേർവഴി തിരഞ്ഞെ ടുക്കാൻ തീരുമാനിച്ചാൽ അയാൾ പ്രവാചകനെ അംഗീകരിക്കണം. കാരണം, അവരാണ് ലോകത്തിനത് ആചരിച്ചു കാണിക്കുകയും പഠിപ്പിച്ചുകൊടുക്കുകയും ചെയ്ത സന്മാർഗിക ഗുരുനാഥന്മാർ.

പരലോകത്തെ സംബന്ധിച്ച് സ്വയം തീരുമാനത്തിലെത്താൻ മനുഷ്യൻെറ ശരാ ശരി ബുദ്ധിക്ക് സാധിക്കുകയില്ല. കാരണം, അവിടെ വിചാരണ ചെയ്യപ്പെടുന്നത് ദൈവിക നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. പ്രവാചകന്മാരിലൂടെ യല്ലാതെ ദൈവം അക്കാര്യം വെളിപ്പെടുത്തിയിട്ടില്ല. ഒരു കാര്യത്തിൽ ബോധ്യമുള്ള ആളുകളെയല്ലേ നാം അവലംബിക്കുകയുള്ളൂ. അമേരിക്ക കാണാത്തവൻ അമേരി ക്കയിലെ സ്ഥിതിഗതികളറിയാൻ അവിടെ പോയവരെ ആശ്രയിക്കുന്നതു പോലെ ദൈവിക കാര്യങ്ങളെക്കുറിച്ച് അറിയാൻ അതെക്കുറിച്ച് ബോധ്യമുള്ള പ്രവാചകരെ അംഗീകരിക്കുകയാണ് വഴി.

എല്ലാ പ്രവാചകന്മാരെയും അംഗീകരിക്കണമെന്നത് ഇസ്ലാമിൻെറ രണ്ടാമത്തെ അടിസ്ഥാനമാണ്. അതിനെ നിഷേധിക്കുക വഴി ഒരാളുടെ പാഴാവുകയാണ് ചെയ്യു ന്നത്.

ചുരുക്കത്തിൽ ദൈവത്തെ സ്നേഹിക്കുകയും ദൈവസ്നേഹത്തിന് സ്വയം അർഹനായിത്തീരുകയും ചെയ്യുക എന്നത് ഇസ്ലാമിൻെറ സന്ദേശങ്ങളിൽ പ്രധാന മാണ്. ഈ ലക്ഷ്യത്തിലേക്ക് നടന്നടുക്കാൻ മനുഷ്യന് ദൈവം തന്നെ സംവിധാനിച്ചു നല്കിയ മാർഗമത്രെ പ്രവാചകന്മാർ.

ഇസ്ലാമിക തത്വങ്ങളുടെ പ്രയോഗവൽക്കരണമാണ് പ്രവാചകന്മാരുടെ ജീവിത ത്തിൻെറ അകപുറങ്ങൾ. അവരുടെ ജീവിതത്തിലൂടെയല്ലാതെ ദൈവത്തിൻെറ സുന്ദര മായ ജീവിത ദർശനത്തിൻെറ മുഖം നമുക്ക് കാണാനാകില്ല.

അവസാനത്തെ ദൈവദൂതനാണ് പ്രവചകൻ മുഹമ്മദ്. എന്നാൽ ചിലർ ആ പര മാർഥം മനസ്സിലാക്കിയിട്ടും അദ്ദേഹത്തെ അനുഗമിക്കാൻ മുതിരാറില്ല.